(സി) എങ്കിൽ സംസ്ഥാനത്തുള്ളവരുടെ കോഴിവളർത്തലിന് ഇത് ഒരു ഭീഷണിയായിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തിന് ആവശ്യമായ ഇറച്ചിക്കോഴികൾ ഇവിടെ ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇത് പരിഹരിക്കപ്പെടുന്നത് എങ്ങിനെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഇറച്ചിക്കോഴിയുടെ വാർഷിക ഉൽപ്പാദനം 281 ലക്ഷമാണ്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ഇല്ല.

(ഇ) ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ മിതമായ നിരക്കിൽ കർഷകർക്ക് എത്തിച്ചുകൊടുക്കുവാൻ കേരളാ സ്റ്റേറ്റ് പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ പ്രവർത്തിച്ചുവരുന്നു.

കൂത്താട്ടുകുളം മീറ്റ് പ്രൊഡക്റ്റ്സ് ഇൻഡ്യ ലിമിറ്റഡിലെ ഉൽപ്പന്നങ്ങൾ

121 [2090] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്താട്ടുകുളം മീറ്റ് പ്രൊഡക്റ്റ്സ് ഇൻഡ്യാ ലിമിറ്റഡിൽ കഴിഞ്ഞ 3 വർഷങ്ങളിലായി എത്ര തുകയ്ക്കുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കിയെന്നും വിദേശത്തേക്ക് കയറ്റുമതി ചെയ്തു എന്നും അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനം കഴിഞ്ഞ മൂന്ന് വർഷങ്ങളിലോരോന്നിലും വരുത്തിയ ലാഭനഷ്ടങ്ങളെത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത സ്ഥാപനത്തിലെ അധികാരികളുടെ കൃത്യവിലോപംമൂലം ലക്ഷക്കണക്കിന് രൂപയ്ക്കുള്ള ഇറച്ചി ഉൽപ്പന്നങ്ങൾ കരാറനുസരിച്ച് ഇറാക്കിലേയ്ക്ക് അയയ്ക്കുവാൻ കഴിഞ്ഞിട്ടില്ലായെന്നും അതുമൂലം കരാറുകാരനും പ്രസ്തുത സ്ഥാപനത്തിനും ലക്ഷക്കണക്കിന് രൂപയുടെ വരുമാനം കിട്ടാതെ പോയെന്നും ഉള്ള പത്രവാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ നിജസ്ഥിതി വെളിപ്പെടുത്താമോ;

(ഡി) ഈ സ്ഥാപനം ഇപ്പോൾ ഏതെല്ലാം ഉൽപ്പന്നങ്ങളാണ് വിപണിയിൽ വിറ്റുവരുന്നതെന്നും ഓരോ ഉൽപ്പന്നത്തിന്റെയും ഉൽപ്പാദന തോത് എത്രയാണെന്നും അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൂത്താട്ടുകുളം മീറ്റ് പ്രൊഡക്റ്റ്സ് ഓഫ് ഇൻഡ്യയിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ 4,19,27,460.30 (നാല് കോടി പത്തൊമ്പത് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി നാനൂറ്റി അറുപത് രൂപ മുപ്പത് പൈസ) രൂപയ്ക്കുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കി. അതുമുഴുവനായി ഇവിടെതന്നെ വിറ്റഴിച്ചു. വിദേശത്തേക്ക് കയറ്റുമതി ചെയ്തിട്ടില്ല.

(ബി) 2001-2002 സാമ്പത്തിക വർഷത്തിൽ കമ്പനിയുടെ നഷ്ടം 59 ലക്ഷം രൂപയും (അൻപത്തിയൊൻപത് ലക്ഷം) രൂപയും 2002-2003-ൽ 54 ലക്ഷം (അൻപത്തി നാല് ലക്ഷം) രൂപയും 2003-2004 വർഷത്തിൽ 31 ലക്ഷം (മുപ്പത്തി യൊന്ന് ലക്ഷം) രൂപയുമാണ്.

(സി) ഇറാക്കിലേക്ക് ഇറച്ചി കയറ്റുമതി ചെയ്യുന്നതിന് യാതൊരു കരാറും കമ്പനി ഏറ്റെടുത്തിട്ടില്ല.

(ഡി) മീറ്റ് പ്രൊഡക്റ്റ്സ് ഓഫ് ഇൻഡ്യ ഇപ്പോൾ പന്നി, ബീഫ്, ചിക്കൻ, ആട്, മുയൽ, കാട എന്നിവകൊണ്ടുള്ള ഉൽപ്പന്നങ്ങളാണ് വിപണിയിൽ വിറ്റു വരുന്നത്. ഓരോന്നിന്റേയും ഉൽപ്പാദന തോത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(2003-2004)

പന്നി	..	35.47	ശതമാനം
ബീഫ്	..	43.46	,,
ചിക്കൻ	..	18.57	,,
മറ്റുള്ളവ (ആട്, മുയൽ, കാട)	..	2.50	,,

തിരൂർ വെറ്ററിനറി പോളിക്ലിനിക്കൽ ഡോക്ടറെ നിയമിക്കാൻ നടപടി

122 [2091] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ വെറ്ററിനറി പോളിക്ലിനിക്കിൽ ഡോക്ടറില്ലാത്തതിനാൽ മൃഗസംരക്ഷണ പ്രോജക്ടുകളൊന്നും നടപ്പിലാക്കാൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഒരുവർഷമായി ഒഴിഞ്ഞുകിടക്കുന്ന ഈ തസ്തികയിൽ ഡോക്ടറെ നിയമിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഇവിടെ ഇപ്പോൾ അഡീഷണൽ ചാർജുള്ള ഡോക്ടർക്ക് രണ്ടിടത്തും കൂടി ഫലപ്രദമായ ജോലി നിർവ്വഹിക്കാൻ കഴിയാത്തതിനാൽ തിരൂർ വെറ്ററിനറി പോളിക്ലിനിക്കിൽ അടിയന്തിരമായി ഡോക്ടറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly